**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4013** **28-06-2024 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പുതുക്കിയ ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പുതുക്കിയ പാക്കേജ് സംസ്ഥാനത്തു നടപ്പാക്കിയിട്ടില്ല. പ്രസ്തുത പദ്ധതിയ്ക്കായി ലഭിക്കുന്ന കേന്ദ്ര വിഹിതം വർധിപ്പിക്കുന്ന സാഹചര്യത്തിൽ പുതുക്കിയ ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് നടപ്പിലാക്കുന്ന വിഷയം പരിശോധിക്കുന്നതാണ് . |
| (ബി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (കാസ്പ്) പുതുതായി രജിസ്ട്രേഷൻ നടത്താൻ കഴിയാത്തതിനാൽ പദ്ധതിയുടെ ഡേറ്റാബേസ് പുതുക്കി അർഹരായ മുഴുവൻ ബി.പി.എൽ. കുടുംബങ്ങളേയും പദ്ധതിയുടെ ഭാഗമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അർഹരായ മുഴുവൻ ബി.പി.എൽ. കുടുംബങ്ങളേയും ഉൾപ്പെടുത്തി പദ്ധതിയുടെ ഡാറ്റാബേസ്, ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (എൻ.എഫ്.എസ്.എ) ഡാറ്റാബേസിന്റെ അടിസ്ഥാനത്തിൽ പുതുക്കി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. |
| (സി) | കാസ്പിൽ പുതിയ രജിസ്ട്രേഷൻ എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ; | (സി) | ഉത്തരം (ബി) പിരിവിൽ ചേർത്തിരിക്കുന്നു |
| (ഡി) | സർക്കാർ മെഡിക്കൽ കോളേജുകളിലും മറ്റും കാരുണ്യ പദ്ധതി വഴിയുള്ള ഇൻഷ്വറൻസ് തുക അനുവദിക്കാത്തതിനാൽ നിർദ്ധനരായ രോഗികൾക്ക് ആവശ്യമായ ചികിൽസയോ സർജറിക്കുള്ള ചെലവോ ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ഡി) | കുടിശ്ശിക നിലനിൽക്കുന്നു എന്ന കാരണത്താൽ ആശുപത്രികളിൽ, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴിയുള്ള സേവനങ്ങൾക്ക് മുടക്കം വന്നിട്ടില്ല. കൂടാതെ രോഗികൾക്ക് ചികിത്സ നിഷേധിക്കുന്ന സാഹചര്യം ഉണ്ടാകരുത് എന്ന നിർദേശം എല്ലാ ആശുപത്രികൾക്കും നൽകിയിട്ടുണ്ട്. |
| (ഇ) | സർക്കാർ ആശുപത്രികൾക്ക് പ്രസ്തുത പദ്ധതി പ്രകാരം നൽകുവാനുള്ള കുടിശിക തുക എപ്പോൾ നൽകുമെന്ന് അറിയിക്കുമോ? | (ഇ) | ഉത്തരം (ഡി) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ